LIBRARY ARCHIVES Kerala Legislative Assembly

പോലീസ് യൂണിവേഴ്സിറ്റി

179 (1923) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസസ് ആന്റ് സെക്യൂരിറ്റി സ്റ്റഡീസിന്റെ നോഡൽ ഓഫീസറായി റിട്ടയേർഡ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ.എം.എൻ. കൃഷ്ണമൂർത്തിയെ നിയമിച്ചിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധികളുടെ പുനഃക്രമീകരണം

180 (1924) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിലെ അധികാര പരിധികൾ പുനഃക്രമീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മങ്കട നിയോജക മണ്ഡലത്തിലെ മലപ്പുറം, മങ്കട, കൊളത്തൂർ, പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധികൾ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മങ്കട മണ്ഡലത്തിലെ അധികാര പരിധി പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.